നം.ഇ.എച്ച്1-46690/2016/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം,തീയതി.02/5/2017.

## സർക്കുലർ

വിഷയം:- ആ.വ.ഡ -2017-ലെ പൊതുസ്ഥലംമാറ്റം - മാർഗ്ഗനിർദ്ദേശങ്ങൾ - ഭേദഗതി വരുത്തിയത് - സംബന്ധിച്ച് -

സൂചന:-
1. സർക്കാർ ഉത്തരവ് (ആർ.റ്റി)നം.1240/2017/ആ.കു.വ. തീയതി.29/4/2017.
2. ഈ ആഫീസിലെ 19/4/2017-ലെ ഇതേ നമ്പർ സർക്കുലർ.

.....

2017-ലെ പൊതുസ്ഥലംമാറ്റം ഓൺലൈൻ വഴി അപേക്ഷ സ്വീകരിക്കുവാനുള്ള അവസാന തീയതി മേയ് 2 എന്നത് മേയ് 10 ആക്കി മാറ്റിയിരിക്കുന്നു. സ്പാർക്കിൽ ജീവനക്കാരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാത്തതു കാരണം പല സ്ഥാപനങ്ങളിലും ജീവനക്കാർക്ക് സ്ഥലംമാറ്റത്തിനു വേണ്ടി അപേക്ഷിക്കുവാൻ കഴിയുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ എല്ലാ സ്ഥാപന മേധാവികളും എല്ലാ തസ്തികയിലും പെട്ട ജീവനക്കാരുടെ വിവരങ്ങൾ പൂർണ്ണമായും സ്പാർക്കിൽ ചേർത്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ആയത് സംബന്ധിച്ച ഒരു അടിയന്തിര റിപ്പോർട്ട് രണ്ട് ദിവസത്തിനുള്ളിൽ ഈ സെക്ഷനിൽ അറിയിക്കേണ്ടതാണ്

ഡോ.ആർ.എൽ.സരിത
ആരോഗ്യ വകുപ്പ് ഡയറക്ടർ

പകർപ്പ്:-
1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ സി.എ
2. സീനിയർ എ.ഒ.യുടെ സി.എ
3. എല്ലാ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ സൂപ്രണ്ടുമാർക്കും
4. ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി